
# നെൽകൃഷി സംസ്ക്കാരം സംരക്ഷിക്കുക

## നാടിന്റെ ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പാക്കുക

### പത്രാധിപക്കുറിപ്പ്




**വെള്ളത്തിനുപകരം** വെള്ളമല്ലാതെ മറ്റൊന്നില്ല എന്നു പറയുന്നതുപോലെയാണ് നെല്ലിനുപകരം നെല്ലല്ലാതെ മറ്റൊരു ധാന്യമില്ല എന്നത്. ഇത്രയുമധികം വൈവിധ്യ മാർന്ന ആവാസവ്യവസ്ഥകളോട് പൊരുത്തമുണ്ടാക്കിയ മറ്റൊരു ധാന്യമുണ്ടോയെന്ന് സംശയമാണ്. വരണ്ട ഭൂമിയിലും വെള്ളക്കെട്ട് പ്രദേശങ്ങളിലും ഉയർന്ന മലത്തലപ്പുകളിലും ഉപ്പുവെള്ളം നിറഞ്ഞ സ്ഥലങ്ങളിലും എല്ലാം നെല്ല് എത്തിപ്പെട്ടിട്ടുണ്ടെന്ന് കാണിക്കുന്നത് നെല്ലിന്റെ ഈ സവിശേഷ സ്വഭാവമാണ്. മാത്രവുമല്ല വിവിധയിനം നെല്ലിനങ്ങളുടെ വ്യത്യസ്ത പോഷകഗുണങ്ങൾ കൊണ്ടാകണം ലോകജനതയുടെ പകുതിയിലധികവും അരിഭക്ഷണക്കാരായി മാറിയത്. മറ്റുവിളകളുമായി ചേർന്നുപോകാനുള്ള നെല്ലിന്റെ കഴിവും വിവിധ കാലാവസ്ഥകളിൽ, വിവിധതരം മണ്ണുകളിൽ ഇത് കൃഷിചെയ്യാനുള്ള പ്രേരകമായിത്തീർന്നിരിക്കണം. കഴിഞ്ഞ പതിനായിരം വർഷത്തെ നെല്ലിന്റെ പ്രയാണം കാണിക്കുന്നത് നെല്ലിന്റെ ഈ പ്രത്യേകതയാണ്. യാതൊരു സാമ്പത്തിക പിൻബലവുമില്ലാതെയാണ് കർഷകർ ഈ വിളയെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കെത്തിച്ചത് ഇതിന് കർഷകരെയും നെല്ലിനെയും ഒരേസമയം ആദരിച്ചേ മതിയാകൂ.

അങ്ങിനെ കഴിഞ്ഞ പതിനായിരം വർഷങ്ങൾകൊണ്ട് നെല്ല് നമ്മുടെ പരിസ്ഥിതിയായി, നമ്മുടെ സംസ്കൃതിയായി, ഉപജീവനമായി, ഭക്ഷണമായി, കലയായി. നെല്ല് ഏഷ്യൻ രാജ്യങ്ങളുടെ ഏഷ്യൻ ജനതയുടെ ജീവനായി.

എന്നാൽ കഴിഞ്ഞ അരനൂറ്റാണ്ടിനിടയിൽ ഇതിന് ഒട്ടേറെ താളപ്പിഴകളുണ്ടായി. അതിന് തുടക്കം കുറിച്ചത് 1960കളിൽ ഏഷ്യൻ രാജ്യങ്ങളിൽ നടപ്പാക്കിയ ഹരിത വിപ്ലവമാണ്. ഉല്പാദനക്ഷമതയിൽ മാത്രം ഊന്നൽ കൊടുത്ത ഈ സാങ്കേതിക സമീപനം പതിനായിരക്കണക്കിന് വർഷങ്ങളായി ഉരുത്തിരിച്ചെടുത്ത കാർഷിക ആവാസവ്യവസ്ഥകളെ താറുമാറാക്കി. കൃഷി കർഷകന്റെ നിയന്ത്രണത്തിലല്ലാതായി. വിത്തിനും വളത്തിനും സബ്സിഡിക്കും അപേക്ഷിച്ചുനിൽക്കുന്ന പരാശ്രയരാക്കി ഇത് കർഷകനെ മാറ്റിയെടുത്തു. 1980കളുടെ അവസാനത്തിൽ അന്താരാഷ്ട്ര നെല്ല് ഗവേഷണകേന്ദ്രം തന്നെ പറഞ്ഞു നെൽപാടങ്ങളിലെ കീടനാശിനി പ്രയോഗം ഒരു പാഴ്‌വേലയായിരുന്നുവെന്ന്. പൊടിവിതക്കു പകരം ഞാറ് പറിച്ചു നടൽ പ്രോത്സാഹിപ്പിച്ചത് ട്രാക്റ്റർ കമ്പനികളെയാണ് സഹായിച്ചതെന്നും **വിളവിൽ ഇത് മാറ്റമുാക്കിയില്ലെന്നും** അവർ പറഞ്ഞു. കാർഷിക ആവാസവ്യവസ്ഥകളുടെ വൈവിധ്യം കണക്കിലെടുക്കാത്ത, കാർഷിക

സംസ്കാരം കണക്കിലെടുക്കാത്ത, പ്രാദേശിക പ്രത്യേകതകൾ **നോക്കാത്ത കാർഷിക വികസനം തകരുമെന്ന് ഹരിതവിപ്ളവം നമുക്ക് കാണിച്ചു തന്നു.** ഏഷ്യയിലെ നെൽകർഷകരിന്ന് പുതിയൊരു പാതയിലാണ്. തിരിച്ചറിവിന്റെ വെളിച്ചത്തിലാണ്. ജൈവകൃഷി, സംയോജിത കീടനിയന്ത്രണം, മഡഗാസ്കർ കൃഷിരീതി തുടങ്ങി പരമ്പരാഗത കാർഷിക രീതികൾ, വിത്തുകൾ എന്നിവയുടെ സംരക്ഷണം, പ്രാദേശിക വിപണനം തുടങ്ങിയ വിവിധ പരീക്ഷണങ്ങളിലൂടെ നിലനിൽപ്പ് ഉറപ്പാക്കാനുള്ള വഴി തേടുകയാണവർ. തങ്ങളുടെ വരുംതലമുറകൾക്കുവേണ്ടി വിത്ത് സംരക്ഷണം ജീവിതവ്രതമാക്കിയെടുത്ത് ജീവിക്കുന്ന കർഷകർ ഇന്ന് ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലുണ്ട്. ഇവരെ ആദരിക്കേണ്ടത് ഇവിടത്തെ പൊതുസമൂഹമാണ്. സർക്കാരാണ്. ഇവരെ നിലനിർത്തേണ്ടത് നമ്മുടെ കടമയാണ്.

എന്നാൽ കഴിഞ്ഞ പത്ത് പതിനഞ്ച് വർഷങ്ങളായി സർക്കാർനയങ്ങളും ശാസ്ത്രസാങ്കേതിക വിദ്യകളും വീണ്ടും കർഷകനെ കൂടുതൽ കൂടുതൽ പരാശ്രയരാക്കുന്നതായിട്ടാണ് കാണുന്നത്. നെല്ലിന്റെ വില ഒരു പരിധിവിട്ട് കൂടിയാൽ അരിയുടെ വില ഉയരുമെന്നും അത് ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്നുമാണ് ഒരു വശത്ത് വാദം. എന്നാൽ മറുവശത്ത് കാർഷികച്ചിലവുകൾ കൂട്ടുന്ന പരിപാടികളാണ് സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കുന്നത്. ഇതിനിടയിൽപെട്ട് ഞെരുങ്ങുന്ന കർഷകർ കൃഷിഭൂമി തരിശിടുകയോ വിൽക്കുകയോ ആത്മഹത്യ ചെയ്യുകയോ ചെയ്യുമ്പോൾ അതിനോട് പ്രതികരിക്കാതിരുന്ന പൊതുസമൂഹമാണിവിടെ.



ജനിതകസാങ്കേതികവിദ്യ, കാർഷിക മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണം, കാർഷികമേഖലയിൽനിന്ന് കാർഷികേതര മേഖലയിലേക്ക് കർഷകരെ കുടിയിരുത്തുക, വിളവൈവിധ്യവൽക്കരണം എന്നു തുടങ്ങിയ യാതൊരു അടിസ്ഥാനവുമില്ലാത്ത, അപകടകരമായ നിർദ്ദേശങ്ങളാണ് പതിനൊന്നാം പഞ്ചവത്സര പദ്ധതിയിലും ദേശീയ കർഷക കമ്മീഷന്റെ നിർദ്ദേശങ്ങളിലും പ്രതിഫലിച്ചു കാണുന്നത്.

ഏഷ്യയുടെ നട്ടെല്ലൊടിക്കാൻ അരിയുടെ നിയന്ത്രണത്തിലൂടെ മാത്രമേ കഴിയൂ എന്ന തിരിച്ചറിവിലേക്ക് വികസിതരാജ്യങ്ങളിലെ കുത്തക വ്യവസായികൾ എത്തിയിട്ട് കുറച്ചുകാലങ്ങളായി. പടിപടിയായി, വളരെ ആസൂത്രിതമായി അവരുടെ നീക്കം നെല്ലിന്റെ ജനിതകസമ്പത്തിനെ കുറിച്ചുള്ള ഗവേഷണത്തിലേക്കാണ് എത്തിയത്. നമ്മുടെ ശാസ്ത്രജ്ഞരെതന്നെ വിലക്കെടുത്ത് അവർ ഗവേഷണം നടത്തി. നെല്ലിലെ 38,000 ത്തോളമുള്ള വംശവാഹി (ജീനുകൾ) കൾക്ക് നമ്പറിട്ടു. അതിന്റെ ഗുണഗണങ്ങൾ തിട്ടപ്പെടുത്തി. ഈ കണ്ടെത്തൽ ആഘോഷിക്കാനായി 2004ൽ അവർ അന്താരാഷ്ട്ര നെൽവർഷം കൊണ്ടാടി. അതിന്റെ ഉദ്ഘാടനം സ്വിറ്റ്സർലന്റിലായിരുന്നു. അരിയുടെ ജനിതക എഞ്ചിനീയറങ്ങിലൂടെ മാത്രമേ ഏഷ്യൻ ജനതയുടെ പട്ടിണിയും അനാരോഗ്യവും മാറൂ എന്ന് നമ്മുടെ സർക്കാരുകളെ കൊണ്ട് സമ്മതിപ്പിക്കാനുള്ള തിരക്കിട്ട ശ്രമത്തിലാണവർ.

ഇതിനെതിരെ നെൽകർഷകരും ഉപഭോക്താക്കളും കച്ചവടക്കാരും അരി കയറ്റുമതി ചെയ്യുന്നവരും എല്ലാം ചെറുത്തുനിൽപ്പുകൾ ആരംഭിച്ചുകഴിഞ്ഞു. നമ്മുടെ ജീവന്റെയും സംസ്കൃതിയുടെയും ആഹാരത്തിന്റെയും മേലുള്ള പരമാധികാരം നമുക്കുതന്നെയാണെന്ന് ഉറപ്പിക്കുന്ന സമരങ്ങളും പ്രവർത്തനങ്ങളും നടക്കുന്നു. ബംഗാളിലും ഒറീസ്സയിലും കേരളത്തിലും തമിഴ്നാട്ടിലും ചട്ടീസ്ഗഡിലും എല്ലാം ജനങ്ങൾ നെല്ലിന്റെ ഭാവിയെ പറ്റി ആശങ്കാകുലരാണ്. ഫിലിപ്പീൻസ്, തായ്‌ലന്റ്, ഇന്തോനേഷ്യ, കൊറിയ എന്നിവിടങ്ങളിൽ സമരം ശക്തിയാർജ്ജിക്കുകയാണ്. എല്ലാ ഏഷ്യൻ രാജ്യങ്ങളിലും നെല്ലിന്റെ പ്രാധാന്യം, ഏഷ്യയുടെ സംസ്കാരം എന്നിവ ഒന്നുകൂടി ഉറപ്പിക്കുവാൻ വേണ്ടി നെല്ലിനു വേണ്ടി ഒരാഴ്ച ആഘോഷിക്കുകയാണ്. മാർച്ച് 27 മുതൽ ഏപ്രിൽ 4 വരെ നീണ്ടുനിൽക്കുന്ന ഈ ആഘോഷവേളയിൽ നമുക്കും പങ്കാളികളാവാം.

നാൾക്കുനാൾ ക്ഷയിച്ചുവരുന്ന കേരളത്തിലെ നെൽപാടങ്ങളും, നെൽസംസ്കാരവും നമ്മുടെ പരിസ്ഥിതിക്കും ഭക്ഷ്യസുരക്ഷിതത്വത്തിനും ഏൽപ്പിക്കുന്ന ആഘാതം ഇന്ന് പലരും തിരിച്ചറിയുന്നുണ്ട്. നെല്ലിന്റെ സംരക്ഷണത്തിനുള്ള കൂട്ടായ്മ കേരളത്തിലെ ജനങ്ങളുടെയിടയിൽ വളർന്നുവരേണ്ടത് നമ്മുടെ നിലനിൽപ്പിനുതന്നെ അത്യാവശ്യമാണ്. ഐടി പാർക്കുകളും മാലിന്യക്കൂപ്പകൾക്കും കെട്ടിട സമുച്ചയങ്ങൾക്കുമായി നമ്മുടെ നെൽപാടങ്ങളെ യാതൊരു വിവേചനവുമില്ലാതെ മാറ്റപ്പെടുന്നത് ശക്തമായി തടയുക തന്നെ വേണം. അമൂല്യമായ നമ്മുടെ ഈ പ്രകൃതി സമ്പത്ത് നശിപ്പിച്ചുകൂടാ. കളിമണ്ണ്-മണൽ ഖനനത്തിനും നഗരവികസനത്തിനും വ്യാവസായിക വികസനത്തിനുമായി നെൽപാടങ്ങളെ തീറെഴുതികൊടുക്കുമ്പോൾ ഒന്നോർക്കുക. **ഇതിനെ വികസനമെന്നല്ല പറയുക, സർവനാശമെന്നാണ് നെൽ കൃഷി നില നിർത്തിക്കൊള്ള ഒരു ഭൂവിനിയോഗരീതിക്കേ നെൽപാടങ്ങളെ അനുവദിക്കാവൂ. നെൽപാടങ്ങൾ വ്യക്തികൾക്ക് സ്വന്തമായിരിക്കാം. എന്നാൽ ഇത് നാടിന്റെ പൊതുവായ പൈതൃകമായ തണ്ണീർ തടങ്ങളാണ്.**

**എസ്. ഉഷ**
**അതിഥി പത്രാധിപ**